**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175** **09-02-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം കോർപ്പറേഷനിലെ ക്രമക്കേട് അന്വേഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തൊഴിൽരഹിതരായ സ്ത്രീകൾക്ക് ജീവനോപാധി നൽകാനുള്ള തിരുവനന്തപുരം കോർപ്പറേഷന്റെ സബ്സിഡി പദ്ധതിയിൽ വ്യാപക ക്രമക്കേട് നടന്നുവെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ സർക്കാരിന് സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ടോ; | (എ) | സി&എജിയുടെ ഇടക്കാല റിപ്പോർട്ടിൽ ചില പരാമർശങ്ങളുണ്ട് .അന്തിമ റിപ്പോർട്ട് വന്നാൽ മാത്രമേ കൃത്യമായ നിലപാട് സ്വീകരിക്കാനാകുകയുള്ളൂ. |
| (ബി) | പ്രസ്തുത ക്രമക്കേട് സംബന്ധിച്ച റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; | (ബി) | **പൊതു വിഭാഗം , പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടെ ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പിന് (JLG), ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പ അനുവദിക്കുന്നതിന്റെ പേരിൽ മൂന്ന് ലക്ഷം രൂപ സബ്സിഡി നൽകുന്ന പദ്ധതിയിൽ വ്യാജ ഇൻവോയിസും, വ്യാജ അക്കൗണ്ടും ചമച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ 5.6 കോടി രൂപ അപഹരിച്ചു, ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്ക് എന്നിവയിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിനു മുമ്പേ സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു, ഗുണഭോക്താക്കളുടെ അറിവുപോലുമില്ലാതെ അവരിൽ പലരിൽ നിന്നും രേഖകൾ കൈക്കലാക്കി സബ്സിഡി തുക അനുവദിച്ചു തുടങ്ങിയവയാണ് അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടിയ ക്രമക്കേടുകൾ. കൂടാതെ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്കും അക്കൗണ്ടു തുറക്കപ്പെട്ടു എന്നും ഗുണഭോക്താക്കൾക്ക് ആർക്കും തന്നെ സബ്സിഡി തുക മുഴുവനായി ലഭിച്ചിട്ടില്ലാ എന്നും പന്ത്രണ്ടായിരം മുതൽ പതിനെണ്ണായിരം രൂപ വരെയാണ് സബ്സിഡി തുകയായി ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുള്ളത് എന്നും 2020-2021, 2021-22, വർഷം സബ്സിഡി നൽകിയത് 215 ഗ്രൂപ്പുകൾക്ക് എന്നും അതിൽ 10 എണ്ണം മാത്രമാണ് ദേശസാൽകൃത ബാങ്കുകൾക്ക് നല്കിയത് എന്നും സൂചിപ്പിക്കപ്പെട്ടിരുന്നു. ബാക്കിയുള്ള** |

| | | | |
|---|---|---|---|
| | | | **205 ഗ്രൂപ്പുകളുടെ പേരിൽ സഹകരണ ബാങ്കുകളിൽ അക്കൗണ്ട് തുറന്ന് നിക്ഷേപിക്കുകയും ഈ തുക ഒരു അശ്വതി സപ്ലൈസിന്റെ പ്രൊപ്പറേറ്ററുടെ പേരിൽ തട്ടിയെടുത്തെന്നും 2020-21 ൽ 4.56 കോടി രൂപയും , 2021-2022 ൽ 1.89 കോടി രൂപയുമാണ് ഇത്തരത്തിൽ നഷ്ടപ്പെട്ടതെന്നും റിപ്പോർട്ടിൽ പരാമർശമുണ്ട്. സർവ്വീസ് സഹകരണ ബാങ്കുകൾക്ക് ബിസിനസ് സംരംഭങ്ങൾക്ക് വായ്പ അനുവദിക്കാൻ അധികാരമില്ലെന്നിരിക്കെ സർവ്വീസ് സഹകരണ ബാങ്കുകളിൽ വ്യാജ സേവിംഗ്സ് അക്കൗണ്ട് തുറന്നതായും ഇത് ക്രമ രഹിതമാണെന്നും കണ്ടെത്തലുണ്ട്.** |
| (സി) | പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് യുക്തമായ ഏജൻസി അന്വേഷിക്കണമെന്ന് സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | മേൽ വിഷയത്തിൽ സർക്കാർ തലത്തിൽ ഉചിതമായ ഏജൻസി മുഖേന സത്വരമായി അന്വേഷിച്ച് പരാമർശ പ്രോജക്ട് വഴി തിരുവനന്തപുരം നഗരസഭയ്ക്കുണ്ടായ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്തുന്നതിനും പൊതു പണം അപഹരിച്ച കുറ്റക്കാർക്കെതിരെ കർശന നടപടി കൈക്കൊള്ളണമെന്നും അക്കൗണ്ടന്റ് ജനറൽ ശുപാർശ ചെയ്തിരുന്നു. വിഷയത്തിന്റെ ഗൗരവ സ്വഭാവം പരിഗണിച്ച് സത്വരാന്വേഷണത്തിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി സംസ്ഥാന തല പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരുടെ പ്രത്യേക ടീമിനെ അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുമുണ്ട്. അന്വേഷണം നടന്നു വരുന്നു. അന്വേഷണ റിപ്പോർട്ട് കിട്ടിയാലുടൻ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ